# ലേലം/ക്വട്ടേഷൻ പരസ്യം

നമ്പർ -ഡബ്ല്യു1-406/09/01/2023-24

തൃശ്ശൂർ,ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യം ചെയ്യുന്നത്.

കരുവന്നൂർപ്പുഴയിൽ നിന്നും നീക്കം ചെയ്ത് വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പരിധിയിൽ ശേഖരിച്ചിട്ടുള്ള Desilted materials വിറ്റൊഴിക്കുന്നതിന് വേണ്ടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ എന്ന നിലയിലുള്ള ബഹു.തൃശ്ശൂർ ജില്ലാ കളക്ടറുടെ(ഉത്തരവ് നമ്പർ:DCTSR/1982/2022/H3) നടപടിക്രമം അനുസരിച്ച് ലേലം ചെയ്തു വിൽക്കുന്നതിനു വേണ്ടി ലേലം/ ക്വട്ടേഷൻ പരസ്യം പുറപ്പെടുവിക്കുന്നു.

ലേലം വസ്തു സംബന്ധിച്ച വിശദാംശങ്ങളും ലേലം നടത്തുന്ന സ്ഥലം, സമയം മുതലായ വിവരങ്ങളും താഴെ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു.

| ക്രമ നമ്പർ | Desilted materials ശേഖരിച്ചിട്ടുള്ള സ്ഥലം | ലേലവസ്തുവിന്റെ വിശദാംശങ്ങൾ | ലേലം നടത്തുന്ന സ്ഥലം, തിയ്യതി, സമയം | നിരത ദ്രവ്യം (രൂപ) | ലേല വസ്തു പരിശോധിക്കുന്നതിന് ബന്ധപ്പെടേണ്ട അധികാരി |
|---|---|---|---|---|---|
| 1 | വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്- ശ്രീ.ആന്റണി പാലക്കടവിന്റെ സ്ഥലം | Coarse sand to fine sand, silt,clay എന്നിവ കലർന്ന മിശ്രിതം -ഉദ്ദേശം 1351 m3 | വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്- ശ്രീ.ആന്റണി പാലക്കടവിന്റെ സ്ഥലം 05.07.2024, 11.30 AM | 10,200/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി (02.07.2024, 3.00 PM വരെ ) |
| 2 | നെന്മണിക്കര ഗ്രാമ പഞ്ചായത്ത്- ഓടൻചിറ റെഗുലേറ്ററിനടുത്തുള്ള വാച്ച്മാൻ ക്വാർട്ടേഴ്സ് പരിസരം | Coarse sand to fine sand, silt,clay എന്നിവ കലർന്ന മിശ്രിതം -ഉദ്ദേശം 547 m3 | നെന്മണിക്കര ഗ്രാമപഞ്ചായത്ത് -ഓടൻചിറ റെഗുലേറ്ററിനടുത്തുള്ള വാച്ച്മാൻ ക്വാർട്ടേഴ്സ് പരിസരം ക്രമനമ്പർ(1)ലെ ലേല നടപടികൾ പൂർത്തിയാകുന്നതിനെ തുടർന്ന് | 2100/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി (02.07.2024, 3.00 PM വരെ ) |

| | | | | | |
|---|---|---|---|---|---|
| 3 | നെന്മണിക്കര ഗ്രാമ പഞ്ചായത്ത്- ശ്രീ. ശ്രീധരൻ തച്ചുപറമ്പിലിന്റെ പരിസരം | Coarse sand to fine sand, silt,clay എന്നിവ കലർന്ന മിശ്രിതം -ഉദ്ദേശം 460 m3 | നെന്മണിക്കര ഗ്രാമപഞ്ചായത്ത് - ശ്രീ.ശ്രീധരൻ തച്ചുപറമ്പിലിന്റെ പരിസരം. ക്രമനമ്പർ(2)ലെ ലേല നടപടികൾ പൂർത്തിയാകുന്നതിനെ തുടർന്ന് | 3500/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി (02.07.2024, 3.00 PM വരെ ) |
| 4 | പുത്തൂർ ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് യാർഡ് പരിസരം | Coarse sand to fine sand, silt,clay എന്നിവ കലർന്ന മിശ്രിതം -ഉദ്ദേശം 148 m3 | പുത്തൂർ ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് യാർഡ് പരിസരം. ക്രമനമ്പർ(3)ലെ ലേല നടപടികൾ പൂർത്തിയാകുന്നതിനെ തുടർന്ന് | 500/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി (02.07.2024, 3.00 PM വരെ ) |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം നിശ്ചിതസമയത്ത് എത്തിച്ചേർന്ന് നിശ്ചിത തുക നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാറ്റാവുന്ന വിധത്തിൽ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയി പ്രത്യേകം കവറിൽ ഉള്ളടക്കം ചെയ്ത് മുദ്ര വച്ച കവറിലുള്ള ക്വട്ടേഷൻ രജിസ്ട്രേർഡ് തപാൽ മുഖേനയോ നേരിട്ടോ ഇനി പറയും പ്രകാരം സമർപ്പിക്കാവുന്നതാണ്. നിരതദ്രവ്യം, മുദ്രവച്ച ക്വട്ടേഷൻ എന്നിവ വെവ്വേറെ കവറുകളിലാക്കി രണ്ടു കവറുകളും മറ്റൊരു വലിയ കവറിൽ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്. രജിസ്റ്റേർഡ് തപാലിൽ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ ലേലം നടത്തുന്നതിന് തൊട്ടു മുമ്പുള്ള പ്രവൃത്തി ദിവസം (04.07.2024) ഉച്ചകഴിഞ്ഞു 4 മണിക്കു മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. നേരിട്ടുള്ള ക്വട്ടേഷനുകൾ ലേല നടപടികൾ തുടങ്ങുന്നതിനു മുമ്പായി (രാവിലെ 11.15 മണിക്ക്) ലേലം നടത്തുന്ന സ്ഥലത്ത് താഴെ ഒപ്പിട്ടിരിക്കുന്ന അധികാരി സമക്ഷമോ അല്ലെങ്കിൽ ലേലം നടത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ സമക്ഷമോ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരും ലേല സ്ഥലത്ത് നിശ്ചിത സമയത്ത് തന്നെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം തങ്ങൾ ക്വാട്ട് ചെയ്തിട്ടുള്ള തുകയ്ക്കുള്ളതും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ തൃശൂരിന്റെ പേരിൽ തൃശൂരിൽ മാറ്റാവുന്നതും ആയ ഡിമാന്റ് ഡ്രാഫ്റ്റും ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. കൂടാതെ സമർപ്പിക്കപ്പെട്ട ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പു ലഭിക്കുന്ന പക്ഷം ബാധകമായ ജിഎസ്ടി (ക്വാട്ട് ചെയ്ത തുകയുടെ 5%), ഐടി (PAN ഉള്ളവർ ക്വാട്ട് ചെയ്ത തുകയുടെ 2.5%) , റോയൽറ്റി (ഓ

ഹാജരാക്കേണ്ടതാണ്. എന്നാൽ ലേലം കൊണ്ട
രൂപ/M3)എന്നിവ ബാങ്കിൽ അടച്ച് രശീത് ഹാജരാക്കേണ്ടതാണ്.
വ്യക്തി പാൻ കാർഡ് ഹാജരാക്കാത്തപക്ഷം 20% ഐടി അടച്ച് രശീത് ഹാജരാക്കേണ്ടതാണ്.

പരിശോധിക്കണമെന്ന്
ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുമ്പ് ലേല വസ്തു
താത്പര്യമുള്ളവർ ബന്ധപ്പെട്ട അധികാരിയെ ബന്ധപ്പെടേണ്ടതും അനുവദിക്കുന്ന നിശ്ചിത
സമയത്ത് യാഡിൽ എത്തി പരിശോധന നടത്താവുന്നതുമാണ്. കൂടുതൽ തുകയ്ക്ക് ലേലം
വിളിക്കുന്നയാൾക്ക് അല്ലെങ്കിൽ നിയമവിധേന ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിട്ടുള്ള
യാൾക്ക് ലേലം ഉറപ്പിക്കുന്നതാണ്. എന്നാൽ ലേലം സ്ഥിരപ്പെടുത്തി നൽകുന്നത് ജില്ലാ ദുരന്ത
നിവാരണ അതോറിറ്റി ചെയർ പേഴ്സണിന്റെ അനുമതി ലഭിച്ചശേഷമായിരിക്കുന്നതാണ്.
അത്തരം അനുമതി ലഭിക്കാത്ത സംഗതികളിൽ ലേലം സ്ഥിരപ്പെടുത്തി നൽകാത്തതും നിരത
ദ്രവ്യം ഉൾപ്പെടെ അടച്ച തുക ലേലം കൊണ്ടയാൾക്ക് മടക്കി നൽകുന്നതുമാകുന്നു. ലേലം
കൊണ്ടയാൾ മുഴുവൻ ലേലസംഖ്യയും ലേല ദിവസം 4.30 PM നു മുമ്പായി അസിസ്റ്റന്റ്
എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തൃശൂരിൽ മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പി
ക്കേണ്ടതാകുന്നു. കൂടാതെ ബാധകമായ ജിഎസ്ടി (ക്വാട്ട് ചെയ്ത തുകയുടെ 5%), ഐടി
(ക്വാട്ട് ചെയ്ത തുകയുടെ 2.5%) എന്നിവ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന
മുറയ്ക്ക് ബാങ്കിൽ അടച്ച് രശീത് ഹാജരാക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പു
ലഭിക്കുന്ന പക്ഷം മൈനിങ്ങ് & ജിയോളജി വകുപ്പ് നിശ്ചയിക്കുന്ന റോയൽറ്റി തുക (80 രൂപ/M3)
അടക്കുന്നതിന് ലേലം കൊണ്ടയാൾ ബാധ്യസ്ഥനായിരിക്കും. മൈനിങ്ങ് & ജിയോളജി
വകുപ്പിലെ ബന്ധപ്പെട്ട അധികാരിയുടെ അനുമതി നേടിയ ശേഷവും റോയൽറ്റി തുക അടച്ച
തിന്റെ തെളിവുകൾ ഹാജരാക്കിയശേഷവും നിലവിലുള്ള നിയമങ്ങൾക്കു വിധേയമായി മാത്രമേ
ലേലവസ്തുക്കൾ നീക്കം ചെയ്യുന്നതിന് അനുവദിക്കുകയുള്ളൂ. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട്
നൽകുന്ന ഉത്തരവിലെ എല്ലാ നിബന്ധനകളും ലേലം കൊണ്ടയാൾ കർശനമായി
പാലിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പു കിട്ടി പരമാവധി 7 ദിവസത്തിനകം ലേല
വസ്തു സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പുനർലേലം നടത്തുന്ന
താണ് . സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ഏതെ
ങ്കിലും കാരണവശാൽ ലേല ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം
അതേ സ്ഥലത്തും അതേ സമയത്തും ലേലം നടത്തുന്നതായിരിക്കും. എന്നാൽ ലേല നിബന്ധനക
ളിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല. ഈ ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അസിസ്റ്റന്റ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ തൃശൂർ കാര്യാലയത്തിൽ നിന്ന്
നേരിട്ടോ ഫോൺ മുഖേനയോ (ഫോൺ നം: 0487 2322780) ഓഫീസ് സമയങ്ങളിൽ അന്വേഷിച്ച്
അറിയാവുന്നതാണ്.

തൃശൂർ
27.06.2024

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്

1. ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം

2. ജില്ലാ കളക്ടർ, തൃശ്ശൂർ
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ
5. സെക്രട്ടറി , ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ
6. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ
7. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
8. പ്രൊജക്റ്റ് ഡയറക്ടർ, പി.എ.യു. തൃശ്ശൂർ
9. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, MGNREGS
10. ജിയോളജിസ്റ്റ്, തൃശ്ശൂർ
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, തൃശ്ശൂർ
12. പ്രൊജക്റ്റ് കോർഡിനേറ്റർ, ഹരിതകേരളം മിഷൻ, തൃശ്ശൂർ
13. പ്രൊജക്റ്റ് കോർഡിനേറ്റർ, ശുചിത്വ മിഷൻ, തൃശ്ശൂർ

നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി :-

14. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ
15. അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, മാഞ്ഞാംകുഴി ✓
16. നോട്ടീസ് ബോർഡ്
17. സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്
18. സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത്
19. സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്
20. തഹസിൽദാർ, തൃശ്ശൂർ
21. RDO, ഇരിങ്ങാലക്കുട
22. ഐടി സെൽ ഇറിഗേഷൻ